**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 291** **20.06.2018 ൽ മറുപടിയ്ക്ക്**

**ഹാഷ് ഫ്യൂച്ചർ ഗ്ലോബൽ ഐ.ടി. ഉച്ചകോടി**

| ചോദ്യം<br>**ശ്രീ.രാജു എബ്രഹാം**<br>**ശ്രീ.കെ.സുരേഷ് കുറുപ്പ്**<br>**പ്രൊഫ.കെ.യു. അരുണൻ**<br>**ശ്രീ.ഡി.കെ. മുരളി** | | മറുപടി<br>**പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** | |
|---|---|---|---|
| (എ) | കേരള സ്റ്റാർട്ടപ്പ് മിഷൻ വിജ്ഞാനാധിഷ്ഠിത സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിന് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; | (എ) | കേരള സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങൾ എല്ലാം തന്നെ കൂടുതൽ മികച്ച കേരള സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ളതാണ്. ഇതിനായി വിവിധ ഘടകങ്ങൾ അടങ്ങിയ യുവ സംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നി പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. നടപ്പ സാമ്പത്തിക വർഷം ഈ പദ്ധതികൾ മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കുന്നതിനായി ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാങ്കേതിക നൂതന സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനും തുടർ പ്രവർത്തനങ്ങൾക്കുമായി സഹായങ്ങൾ നൽകിവരുന്നത് മേല്പറഞ്ഞ പദ്ധതികളുടെ ഭാഗമായാണ് . |
| (ബി) | ഡിജിറ്റൽ രംഗത്തെ നിക്ഷേപം സാധ്യമാക്കുന്നതിനും പുതിയ സംരംഭകരെയും പ്രതിഭകളെയും പ്രോത്സാഹിപ്പിക്കുന്നതിനും കൊച്ചിയിൽ നടന്ന ഹാഷ് ഫ്യൂച്ചർ ഗ്ലോബൽ ഐ.ടി. ഉച്ചകോടി എത്രമാത്രം ഫലപ്രദമായെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. സമ്മേളനത്തിൽ ചർച്ച ചെയ്ത വിഷയങ്ങളിന്മേൽ പത്ത് സീനിയർ ഉദ്യോഗസ്ഥരുടേയും വിവിധ മേഖലകളിലുള്ള അക്കാഡമിഷ്യൻസിന്റെയും യോഗം ചേർന്ന് വളരെ ആഴത്തിൽ ചർച്ച ചെയ്യുകയുണ്ടായി. ചർച്ചയുടെ ഫലമായി കണ്ടെത്തിയ സംരംഭങ്ങളിന്മേൽ മുഖ്യ മന്ത്രിയുടെ ഐ.ടി. ഫെല്ലോസ് നടപടികൾ സ്വീകരിച്ച വരുന്നു. |

| | | | |
|---|---|---|---|
| (സി) | വിവരാധിഷ്ഠിത സാങ്കേതികവിദ്യകളുടെ വ്യാപനത്തിന് നൂതന സാങ്കേതികവിദ്യകളുടെ സെന്റർ ഓഫ് എക്സലൻസ് ആയി വിഭാവനം ചെയ്യുന്ന നോളജ് സിറ്റി പദ്ധതിയുടെ വിശദാംശം അറിയിക്കാമോ? | (സി) | തിരുവനന്തപുരം ടെക്നോപാർക്കിന്റെ 4-ാംഘട്ട വികസനപദ്ധതിയായ ടെക്നോസിറ്റിയിൽ വിവരാധിഷ്ഠിത സാങ്കേതിക വിദ്യകളുടെ വ്യാപനത്തിന് നൂതന സാങ്കേതിക വിദ്യകളുടെ സെന്റർ ഓഫ് എക്സലൻസ് ആയി വിഭാവന ചെയ്യുന്ന നോളഡ്ജ് സിറ്റി പദ്ധതി സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 100 ഏക്കർ ഭൂമി മാറ്റി വെച്ചിട്ടുണ്ട്. പുതുതലമുറയ്ക്കായി നൂതന സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ഭാവിയിലെ വികസന സാങ്കേതിക വിദ്യകളായി കണക്കാക്കുന്ന ബ്ലോക്ക്ചെയിൻ, ക്ലൗഡ് കമ്പ്യൂട്ടിംഗ്, സൈബർ സെക്യൂരിറ്റി, കൊഗ്നറ്റീവ് അനലിറ്റിക്സ്, ഇ-മൊബിലിറ്റി, സ്പെയിസ് സയൻസ് തുടങ്ങിയ മേഖലകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമഗ്ര സംരംഭമായാണ് നോളഡ്ജ്സിറ്റി പദ്ധതി വിഭാവനം ചെയ്യുന്നത്. |

**സെക്ഷൻ ഓഫീസർ**